പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 163        18.06.2012-ൽ മറുപടിയ്ക്ക്

<u>മൂന്നാം മുറ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം. എ. ബേബി<br>ശ്രീ. എളമരം കരീം<br>ശ്രീ. ബി. സത്യൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അന്വേഷണങ്ങളുടെ ഭാഗമായി പോലീസ് കസ്റ്റഡിയിലെടുക്കുന്നവരെ പോലീസ് സ്റ്റേഷനുകളിലും പ്രത്യേകം ക്യാമ്പുകളിലും കൊണ്ടുപോയി മർദ്ദിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിലുള്ളവർക്കെതിരെ മൂന്നാം മുറ പ്രയോഗിക്കുന്നില്ല. അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായ കുറ്റാന്വേഷണരീതിയാണ് പോലീസ് സ്വീകരിച്ചുവരുന്നത്. എന്നാൽ കഴിഞ്ഞ 10 വർഷത്തിനകത്ത് ചുരുക്കം ചില ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിലുള്ളവരെ മർദ്ദിച്ചിട്ടുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേക ക്യാമ്പുകളിൽ കൊണ്ടുപോയി മർദ്ദിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്ത് എത്രെല്ലാം കേസുകളിൽ പോലീസ് കസ്റ്റഡിയിലുള്ളവരെ പോലീസ് മൂന്നാംമുറ പ്രയോഗിച്ചതിന്റെ ഭാഗമായി ഗുരുതരാവസ്ഥയിൽ ആശുപത്രികളിലേക്ക് മാറ്റേണ്ടി വന്നിട്ടുണ്ട്; | (ബി) പോലീസ് കസ്റ്റഡിയിലുള്ളവർക്കെതിരെ ശാസ്ത്രീയമായ കുറ്റാന്വേഷണരീതിയാണ് പോലീസ് സ്വീകരിച്ചു വരുന്നത്.<br>തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം. നം. 703/05 പ്രകാരമുള്ള കേസിൽ 27.09.2005-ന് കസ്റ്റഡിയിലെടുത്ത ഉദയകുമാർ എന്നയാൾക്ക് ദേഹോപദ്രവം ഏൽക്കുകയും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട അദ്ദേഹം അവിടെവച്ച് മരണപ്പെടുകയും ചെയ്ത സംഭവത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം നം. 704/05 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.<br>പാലക്കാട് നോർത്ത് ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം. നം. 251/10 U/s 174 CrPC കേസിലെ പ്രതിയായ സമ്പത്തിനെ പോലീസ് |

കസ്റ്റഡിയിലിരിക്കെ ആശുപത്രിയിലേയ്ക്ക് മാറ്റേണ്ട സാഹചര്യം ഉണ്ടാവുകയും അവിടെ വച്ച് അദ്ദേഹത്തിന് മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മൃഗീയമായ മർദ്ദനമുറകളും കള്ളമൊഴികളും സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സംഭവങ്ങളിന്മേൽ യഥാസമയം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഇത്തരത്തിൽ ഏതെല്ലാം അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ മൂന്നാംമുറ പ്രയോഗിച്ചതിന്റെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുകയുണ്ടായി ?

(ഡി) മലപ്പുറം ജില്ലയിൽ മഞ്ചേരി പോലീസ് സ്റ്റേഷനിലെ സി.പി.ഒ 4172 ശ്രീകുമാറിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ഉത്തരവായിട്ടുള്ളതും ആയതിന് മഞ്ചേരി പി.എസ്.ക്രൈം നമ്പർ 35/11 U/s 342, 330 IPC ആയി കോടതിയിൽ ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 440/2005 U/s 143,147,148,342, 323,326,149 IPC പ്രകാരമുള്ള കേസിൽ കൊല്ലം ജില്ലയിലെ 7 പോലീസുകാർക്കെതിരെ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം. നം. 704/2005 എന്ന കേസിൽ സി.പി.ഒ 6685 സോമൻ, സിപി.ഒ 7256 ജിനകുമാർ, സി.പി.ഒ 1795 ശ്രീകുമാർ എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്ത് പ്രസ്തുത കേസ് ക്രൈംബ്രാഞ്ചും തുടർന്ന് സി.ബി.ഐ.യും അന്വേഷണം നടത്തിവരുന്നതുമാണ്.

പാലക്കാട് ജില്ലയിൽ സമ്പത്തിൻെറ കസ്റ്റഡിമരണവുമായി ബന്ധപ്പെട്ട് പ്രതിചേർക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. ഈ കേസ് നിലവിൽ സി.ബി.ഐ.യാണ് അന്വേഷിക്കുന്നത്.

സെക്ഷൻ ഓഫീസർ